# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 5010** **22.05.2017 ൽ മറുപടിയ്ക്ക്**

## കുട്ടികളിൽ ശരിയായ സാമൂഹ്യ അവബോധം വളർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ | | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കുട്ടികളിൽ ശരിയായ സാമൂഹ്യ അവബോധവും പൗരബോധവും ഇല്ലാത്തതു കാരണം ചെറുപ്രായത്തിൽ തന്നെ മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കും അടിമകളായി മാറുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | ഒരു ഉത്തമ പൗരൻ എങ്ങനെ യായിരിക്കണം എന്നത് കുട്ടികളെ പഠിപ്പിക്കാനും അത്തരത്തിൽ അവബോധം സൃഷ്ടിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | ബി) | കുട്ടികളെ ഉത്തമ പൗരൻമാരാക്കി വളർത്തുന്നതിനുതകുന്ന തരത്തിലാണ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പൗരബോധവും, സാമൂഹിക ഉത്തരവാദിത്വവും വളർത്തുവാൻ ഉപകരിക്കും വിധമാണ് വിവിധ വിഷയങ്ങളും, അതിനനുസൃതമായി പഠന പ്രവർത്തനങ്ങളും തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണ ത്തിന്റെ മുഖ്യപരിഗണനാ ഘടകങ്ങളിൽ മേൽപ്പറഞ്ഞ വിഷയവും ഉൾപ്പെടുന്നു. |
| സി) | മൊബൈൽഫോണിന്റെയും നവമാദ്ധ്യമ ങ്ങളുടെയും ദൂഷ്യഫലങ്ങളെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | സി) | പാഠ്യപദ്ധതി പരിഷ്കരണഘട്ടത്തിൽ ഈ വിഷയങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ